"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെ കീഴാറ്റിങ്ങൽ വില്ലേജാഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.135/2025/RD തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി) നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്) നം.1/2022/പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19-12-2024 തീയതിയിലെ എൽആർ/12126/2024-എൽആർ (ജി7) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെ കീഴാറ്റിങ്ങൽ വില്ലേജാഫീസിനെ പ്ലാൻ സ്കീം 2021-22 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതിൻ പ്രകാരം പുതിയ സ്മാർട്ട് വില്ലേജാഫീസ് കെട്ടിട നിർമ്മാണം നടന്നു വരുന്നതിനാൽ പ്രസ്തുത വില്ലേജാഫീസിന്റെ പ്രവർത്തനം 19/06/2023 മുതൽ കീഴാറ്റിങ്ങൽ എസ്.എൻ.ഡി.പി. ശാഖ 1069 ന്റെ ഉടമസ്ഥതയിലുള്ളതും കീഴാറ്റിങ്ങൽ വില്ലേജിൽ ബ്ലോക്ക് നം 11ൽ റീസർവ്വെ 362/5 നമ്പറിൽ ഉൾപ്പെട്ടതും കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിലെ 11/285 എന്ന നമ്പറിലുള്ളതുമായ കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയാണ്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 27.62 ച.മീ. ന് ആനുപാതികമായി 2,455/- രൂപയും കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 52.16 ച.മീ ന് ആനുപാതികമായി 4,637/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് ജീവനക്കാർക്ക് ഉപയോഗിക്കുന്നതിന് പുറമെ പൊതുജന സൗഹൃദമെന്ന രീതിയിൽ ജനങ്ങൾക്ക് ഇടപഴകുന്നതിനുള്ള സൗകര്യവും ഉള്ള രീതിയിലാണ് വില്ലേജാഫീസുകൾ പ്രവർത്തിച്ചു വരുന്നതെന്നും സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം വില്ലേജ് ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ കാർപ്പെറ്റ് ഏരിയയിൽ ഡൈനിംഗ് ഹാൾ, റിക്കാർഡ് റൂം, പൊതുജനങ്ങൾക്കുള്ള വെയിറ്റിംഗ് ഏരിയ എന്നിവ ഉൾപ്പെടാത്തതിനാൽ വില്ലേജ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ടി കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണവും ഉപയോഗിച്ചു വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ കീഴാറ്റിങ്ങൽ വില്ലേജാഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യുപൈഡ് കാർപ്പെറ്റ് ഏരിയയ്ക്കുള്ള വാടകയായ 4,627/- രൂപ 19/06/2023 മുതൽ നിർണ്ണയിച്ച് നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിലെ കീഴാറ്റിങ്ങൽ വില്ലേജ് ഓഫീസ് 19/06/2023 മുതൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യുപൈഡ് കാർപ്പെറ്റ് ഏരിയയായ 52.16 ച.മീ ന് ആനുപാതികമായി 4,637/- രൂപ (നാലായിരത്തി അറുനൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ററ്റി ആർ ജയപാൽ
അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 15-01-2025 16:35:17